# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.03.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). **രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഛത്തീസ്ഗഢും ഒഡീഷയും സന്ദർശിക്കും; ഛത്തീസ്ഗഢ് നിയമസഭയുടെ രജത ജൂബിലി ആഘോഷത്തെ അഭിസംബോധന ചെയ്യും.**

**President Droupadi Murmu to visit Chhattisgarh and Odisha today; The President will address the silver jubilee celebrations of the Chhattisgarh Legislative Assembly.**

2). **എംഎസ്എംഇകളെ തരം തിരിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പരിഷ്ക്കാരങ്ങൾ വരുത്തി കേന്ദ്ര സർക്കാർ.**

**Union Govt Revises Criteria for Classifying MSMEs.**

3). **ഇന്ന് ലോക ക്ഷയരോഗ ദിനം ; ഇന്ത്യയെ ക്ഷയരോഗ വിമുക്തമാക്കാൻ കൂട്ടായ പ്രവർത്തനം ആവശ്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.**

**Today is World Tuberculosis Day; President Droupadi Murmu emphasizes the need for collective efforts to make India tuberculosis-free.**

4). **കേരളത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ന് യോഗം ചേരും.**

**Kerala CM to Chair Meeting Today to Ramp Up Anti-Drug Efforts Across Kerala.**

**5). മുൻ കേന്ദ്ര സഹമന്ത്രി രാജീവ് ചന്ദ്രശേഖർ കേരളത്തിൽ ബിജെപിയെ നയിക്കും ; ഔദ്യോഗിക പ്രഖ്യാപനം ഇന്ന്.**

**Former Union Minister Rajeev Chandrasekhar to Lead BJP in Kerala; Official Announcement Today.**

**6). കബഡി ലോകകപ്പിൽ ഇന്ത്യയുടെ പുരുഷ, വനിതാ ടീമുകൾക്ക് കിരീടം.**

**India's Men's and Women's Teams Clinch the Crown at Kabaddi World Cup.**

==========================================

## PREZ-VISIT

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഛത്തീസ്ഗഢും ഒഡീഷയും സന്ദർശിക്കും. റായ്പൂരിൽ ഛത്തീസ്ഗഢ് നിയമസഭയുടെ രജത ജൂബിലി ആഘോഷത്തെ രാഷ്ട്രപതി അഭിസംബോധന ചെയ്യും. ഒഡീഷയിലെ നയാഗഢിൽ നടക്കുന്ന ഭാരതീയ ബിശ്വബസു ഷബർ സമാജിൻറെ സ്ഥാപക ദിന ചടങ്ങിലും ശ്രീമതി മുർമു പങ്കെടുക്കും.

==========================================

## GOVT - MSME

എംഎസ്എംഇകളെ തരം തിരിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ കേന്ദ്ര സർക്കാർ പരിഷ്കാരങ്ങൾ വരുത്തി. 2.5 കോടി രൂപ വരെ നിക്ഷേപമുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ഇനി മുതൽ സൂക്ഷ്മ സംരംഭങ്ങളുടെ പട്ടികയിൽ ഉൾപ്പെടും. നേരത്തെ നിക്ഷേപ പരിധി 1 കോടി രൂപയായിരുന്നു. വിറ്റുവരവ് പരിധി 5 കോടി രൂപയിൽ നിന്ന് 10 കോടി രൂപയാക്കി. 25 കോടി രൂപ വരെ നിക്ഷേപമുള്ള യൂണിറ്റുകളെ ചെറുകിട സംരംഭങ്ങളായി കണക്കാക്കും. നേരത്തെ ഇതിൻറെ പരിധി 10 കോടിയായിരുന്നു. 125 കോടി രൂപ വരെ നിക്ഷേപമുള്ള എംഎസ്എംഇകളെ ഇടത്തരം സംരംഭങ്ങളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

==========================================

## MUMBAI-WAVES ( INTRO )

WAVES ഉച്ചകോടിയുടെ ഭാഗമായി രാജ്യത്തുടനീളം വിവിധ മത്സരങ്ങൾ പുരോഗമിക്കുന്നു. ഇന്നലെ മുംബൈയിൽ ആനിമേഷൻ ആൻഡ് മാംഗ മത്സരം സംഘടിപ്പിച്ചു. ഗുവാഹത്തി, കൊൽക്കത്ത, ഭുവനേശ്വർ, വാരണാസി, ഡൽഹി എന്നിവിടങ്ങളിലും മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. മെയ് 1 മുതൽ 4 വരെ മുംബൈയിലാണ് WAVES ഉച്ചകോടി നടക്കുക. രാജ്യത്തിൻറെ സമ്പന്നമായ നാഗരികതയും സാംസ്കാരിക പൈതൃകവും ആഗോളതലത്തിൽ ഉയർത്തിക്കാട്ടുന്നതിനുള്ള ശക്തമായ വേദിയാണ് WAVES 2025 എന്ന് പ്രശസ്ത ചലച്ചിത്ര നിർമ്മാതാവ് സുഭാഷ് ഘായ് അഭിപ്രായപ്പെട്ടു.

(VOICE.......................... )

==============================================

## TB DAY

ഇന്ന് ലോക ക്ഷയരോഗ ദിനം. ക്ഷയരോഗത്തിൻറെ ആരോഗ്യ, സാമൂഹിക, സാമ്പത്തിക പ്രത്യാഘാതങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും രോഗവ്യാപനം തടയുന്നതിനുമായി എല്ലാ വർഷവും മാർച്ച് 24-ന് ദിനാചരണം സംഘടിപ്പിക്കുന്നു. 1882-ൽ ഡോ. റോബർട്ട് കോച്ച് ടിബിബാക്ടീരിയ കണ്ടെത്തിയതിൻറെ സ്മരണയിലാണ് ദിനാചരണം. " **അതെ, ക്ഷയരോഗം തുടച്ചു നീക്കാം : പ്രതിജ്ഞാബദ്ധരാകുക, പ്രയത്നിക്കുക, നടപ്പാക്കുക"** എന്നതാണ് ഈ വർഷത്തെ പ്രമേയം. ക്ഷയരോഗ നിർമ്മാർജ്ജനത്തിനായി കേന്ദ്ര സർക്കാർ 100 ദിവസത്തെ കാമ്പയിൻ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. ഇന്ത്യയിൽ രോഗനിരക്കിൽ 17.7 ശതമാനം കുറവുണ്ടായതായാണ് ലോകാരോഗ്യ സംഘടനയുടെ 2024 ലെ റിപ്പോർട്ട് സൂചിപ്പിക്കുന്നത്.

==============================================

**PRESIDENT – TB DAY**

ഇന്ത്യയെ ക്ഷയരോഗ വിമുക്തമാക്കാൻ കൂട്ടായ പ്രവർത്തനം ആവശ്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ക്ഷയരോഗം നിർമാർജനം ചെയ്യുന്നതിന് ഏകീകൃതവും സമഗ്രവുമായ ആഗോള ശ്രമം ആവശ്യമാണെന്നും രാഷ്ട്രപതി ദിനാചരണ സന്ദേശത്തിൽ പറഞ്ഞു. പകർച്ച വ്യാധി തടയാനുള്ള കേന്ദ്ര ശ്രമങ്ങളുടെ ഭാഗമായി കഴിഞ്ഞ ദശകത്തിൽ രാജ്യത്ത് ക്ഷയരോഗ കേസുകളുടെ എണ്ണത്തിൽ വലിയ കുറവുണ്ടായതായും ശ്രീമതി മുർമു വ്യക്തമാക്കി.

==================================================

**VEENA GEORGE – TB**

ക്ഷയരോഗം തുടച്ചു നീക്കാൻ ഒരുമിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. 100 ദിവസത്തെ ക്യാമ്പയിനിലൂടെ 5,588 ക്ഷയരോഗ ബാധിതരെ കണ്ടെത്തി തുടർ ചികിത്സ ഉറപ്പാക്കാനായതായും മന്ത്രി അറിയിച്ചു. ലോക ക്ഷയരോഗ ദിനാചരണത്തിന്റേയും 100ദിന കർമ്മ പരിപാടിയുടെ സമാപനത്തിന്റേയും ഉദ്ഘാടനം മന്ത്രി ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും.

==================================================

**CM MEETING**

കേരളത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ ഇന്ന് തിരുവനന്തപുരത്ത് ഉന്നതതല യോഗം ചേരും. മന്ത്രിമാരും പൊലീസ്-എക്സൈസ് ഉന്നത ഉദ്യോഗസ്ഥരും പങ്കെടുക്കും. അന്വേഷണ സംഘങ്ങളെയും വകുപ്പുകളെയും സംയോജിപ്പിച്ച് ലഹരി വ്യാപനം തടയുന്നതിനുള്ള പുതിയ പദ്ധതികൾ യോഗത്തിൽ തീരുമാനിക്കും.

==================================================

**KERALA ASSEMBLY**

15 ആം കേരള നിയമസഭയുടെ 13 ആം സമ്മേളനം തുടരുന്നു. ദേശീയ സംസ്ഥാന ഹൈവേകളുടെയും, പ്രാദേശിക റോഡുകളുടെയും, പാലങ്ങളുടെയും നിർമാണം, സംസ്ഥാനത്ത് നിർമിതബുദ്ധിയുടെ സാധ്യതകൾ തുടങ്ങിയ വിഷയങ്ങൾ ഇന്ന് സഭയിൽ ഉന്നയിക്കും.

ധനവിനിയോഗ ബിൽ, കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന ഭേദഗതി ബിൽ എന്നിവയുടെ അവതരണവും ഇന്ന് സഭയിൽ നടക്കും.

==================================================

**RAJEEV CHANDRASEKHAR**

മുൻ കേന്ദ്ര സഹമന്ത്രി രാജീവ് ചന്ദ്രശേഖർ കേരളത്തിൽ ബിജെപിയെ നയിക്കും. ഇന്ന് തിരുവനന്തപുരത്ത് ചേരുന്ന സംസ്ഥാന സമിതി യോഗത്തിന് ശേഷം ഔദ്യോഗിക പ്രഖ്യാപനം നടക്കും. ദേശീയ നേതൃത്വത്തിന്റെ തീരുമാനത്തെ തുടർന്ന് ഇന്നലെ തിരുവനന്തപുരത്ത് ചേർന്ന കോർ കമ്മിറ്റി യോഗം ശ്രീ രാജീവ് ചന്ദ്രശേഖറെ ബിജെപി സംസ്ഥാന അദ്ധ്യക്ഷ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കുകയായിരുന്നു. കെ സുരേന്ദ്രൻറെ പിൻഗാമിയായാണ് രാജീവ് ചന്ദ്രശേഖർ ബി ജെ പി സംസ്ഥാന അധ്യക്ഷനാകുന്നത്.

==================================================

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==================================================

**KATHUA TERROR OPERATION**

ജമ്മു കാശ്മീരിൽ കത്വ ജില്ലയിലെ സന്യാൽ ഗ്രാമത്തിൽ സുരക്ഷാസേനയും ഭീകരരും തമ്മിൽ ഏറ്റുമുട്ടി. രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ സിആർപിഎഫ്, പോലീസ് പ്രത്യേക ഓപ്പറേഷൻ വിഭാഗം, സൈന്യം എന്നിവർ ചേർന്ന് നടത്തിയ സംയുക്ത തിരച്ചിലിനിടെയാണ് അതിർത്തി നുഴഞ്ഞു കയറാൻ ശ്രമിച്ച ഭീകരരെ കണ്ടെത്തിയത്. ഏറ്റുമുട്ടലിൽ ആളപായമൊന്നും റിപ്പോർട്ട് ചെയ്യിട്ടില്ല.

==================================================

**REV. DELHI ASSEMBLY**

ഡൽഹി നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് ഇന്ന് തുടക്കമാകും. നാളെയാണ് ബജറ്റ് അവതരണം. ഇന്ന് CAG റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വക്കും. ഈ മാസം 26 ന് ബജറ്റുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കും. 28 വരെയാണ് സമ്മേളനം.

==================================================

## IPL

ഐ പി എൽ ക്രിക്കറ്റിൽ ഇന്നലെ മുംബൈ ഇന്ത്യൻസിനെതിരെ ചെന്നൈ സൂപ്പർ കിങ്സിന് 4 വിക്കറ്റ് ജയം. ഇന്നലെ നടന്ന മറ്റൊരു മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ് - രാജസ്ഥാൻ റോയൽസിനെ 44 റൺസിന് പരാജയപ്പെടുത്തി. ഇന്ന് നടക്കുന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് ലക്നൗ സൂപ്പർ ജയൻറ്സിനെ നേരിടും. വിശാഖപട്ടണത്ത് രാത്രി 7 .30 നാണ് മത്സരം.

==============================================

## KABADDI WORLD CUP ( INTRO )

ഇംഗ്ലണ്ടിൽ നടന്ന കബഡി ലോകകപ്പിൽ ഇന്ത്യയുടെ പുരുഷ, വനിതാ ടീമുകൾ കിരീടം നേടി. ഫൈനലിൽ ഇരു ടീമുകളും ഇംഗ്ലണ്ടിനെയാണ് പരാജയപ്പെടുത്തിയത്. 2019- ൽ മലേഷ്യ ആതിഥേയത്വം വഹിച്ച ആദ്യ ലോകകപ്പിലും ഇന്ത്യ പുരുഷ, വനിതാ കിരീടങ്ങൾ സ്വന്തമാക്കിയിരുന്നു. കിരീട നേട്ടത്തിൽ ഏറെ സന്തോഷവും അഭിമാനവുമുണ്ടെന്ന് കബഡി താരങ്ങൾ പ്രതികരിച്ചു.

**( വോയിസ്... )**

==============================================

## KHELO INDIA PARA GAMES

ന്യൂഡൽഹിയിൽ നടക്കുന്ന ഖേലോ ഇന്ത്യ പാരാ ഗെയിംസിൻറെ ഭാരോദ്വഹന മത്സരത്തിൽ പഞ്ചാബിൻറെ ജസ്പ്രീത് കൗർ ദേശീയ റെക്കോർഡ് തകർത്തു. 45 കിലോഗ്രാം വിഭാഗത്തിൽ സ്വന്തം ദേശീയ റെക്കോർഡ് മെച്ചപ്പെടുത്തിയാണ് അവർ സ്വർണ്ണ മെഡൽ നേടിയത്. 54 കിലോഗ്രാം വിഭാഗത്തിൽ മനീഷ് പുതിയ ദേശീയ റെക്കോർഡ് സ്ഥാപിച്ചു.

==============================================

## UKRAINE-US TALKS

സൗദി അറേബ്യയുടെ തലസ്ഥാനമായ റിയാദിൽ യു.എസ് - യുക്രേനിയൻ പ്രതിനിധികൾ ചർച്ച നടത്തി. നീതിയുക്തവും ശാശ്വതവുമായ സമാധാനം കൈവരിക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് യുക്രേനിയൻ പ്രതിരോധ മന്ത്രി റസ്റ്റം

ഉമെറോവ് പറഞ്ഞു. യുഎസ് നിർദ്ദേശിച്ച 30 ദിവസത്തെ വെടിനിർത്തൽ യുക്രെയ്ൻ അംഗീകരിച്ചു. അതേസമയം, വിഷയത്തിൽ യുഎസ്-റഷ്യൻ പ്രതിനിധികൾ തമ്മിൽ ഇന്ന് നടക്കാനിരിക്കുന്ന ചർച്ചകളും നിർണായകമാണ്.

==================================================

## CANADA SNAP ELECTION

കാനഡയിൽ ഇടക്കാല തിരഞ്ഞെടുപ്പ് നടത്താൻ പുതിയ കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി ആഹ്വാനം ചെയ്തു. അടുത്തമാസം 28 -നായിരിക്കും തിരഞ്ഞെടുപ്പ്. അമേരിക്കയുമായുള്ള വ്യാപാര യുദ്ധവും കാനഡയെ യു.എസിൻറെ 51-ാമത്തെ സംസ്ഥാനമാക്കുമെന്ന പ്രസിഡൻറ് ട്രംപിൻറെ ആവർത്തിച്ചുള്ള പ്രഖ്യാപനവും നിലനിൽക്കെ, ശക്തമായ സർക്കാർ സംവിധാനത്തിനായാണ് തെരഞ്ഞെടുപ്പെന്ന് കാർണി പറഞ്ഞു.

==================================================

## YOGI FESTIVAL PREPAREDNESS

ചൈത്ര നവരാത്രി, രാമനവമി, ഈദ്-ഉൽ-ഫിത്തർ, ബൈശാഖി തുടങ്ങിയ പ്രധാന ഉത്സവാഘോഷങ്ങൾക്കു മുന്നോടിയായി ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു. എല്ലാ ഉത്സവാഘോഷങ്ങളും സമാധാനവും , സൗഹാർദ്ദപരവുമായ അന്തരീക്ഷത്തിലാണ് നടക്കേണ്ടതെന്ന് യു.പി മുഖ്യമന്ത്രി പറഞ്ഞു. ക്രമസമാധാന നില ഉറപ്പാക്കണമെന്നും സമൂഹ മാധ്യമങ്ങൾ നിരീക്ഷിക്കണമെന്നും അദ്ദേഹം ഉദ്യോഗസ്ഥരോട് നിർദേശിച്ചു.

==================================================

## PALAKKAD PENSION SCHEME

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ചെറുകിട കച്ചവടക്കാർക്കുമുള്ള കേന്ദ്ര സർക്കാർ പെൻഷൻ പദ്ധതികളായ പ്രധാൻ മന്ത്രി ശ്രംയോഗി മൻ ധൻ യോജന, നാഷണൽ പെൻഷൻ സ്കീം ഫോർ ട്രേഡേഴ്സ് എന്നിവയുടെ പാലക്കാട് ജില്ലാതല ഉദ്ഘാടനവും ബോധവത്കരണവും ഇന്ന് നടക്കും. രാവിലെ ജില്ലാ കളക്ടർ പരിപാടി ഉദ്ഘാടനം ചെയ്യും.

==================================================

========================